# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

DR. THEODOSIUS MAR THOMA METROPOLITAN
LIGHTED TO LIGHTEN
MARTHOMA SYRIAN CHURCH

**സർക്കുലർ നമ്പർ: 39**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

എല്ലാ വർഷവും ഡിസംബർ 21–ാം തീയതി സഭാദിനമായി നാം വേർതിരിച്ച് ആചരിച്ചുവരുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിൽ വന്നത് ഓർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമുള്ള സുദിനമാണ് ഇത്. സാർവത്രിക തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയുടെ അടിസ്ഥാന മൂല്യങ്ങൾക്കായും ദൈവത്തെ സ്തുതിക്കാം. കഴിവതും എല്ലാ ഇടവകകളിലും അന്നേദിവസം വിശുദ്ധ കുർബാന ശുശ്രൂഷ ക്രമീകരിക്കണം. ഇടവക തനിയെയോ, അടുത്തുള്ള ഇടവകകൾ ചേർന്നോ, അന്ന് പ്രത്യേക ധ്യാനയോഗം, പ്രാർത്ഥന എന്നിവ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.

**“എന്റെ കർത്താവും എന്റെ ദൈവവുമേ”**എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ വിശുദ്ധ തോമസ് അപ്പോസ്തലനെപ്പോലെ കർത്താവിൽ വിശ്വസിക്കുന്നതിനും ദൗത്യം നിർവ്വഹിക്കുന്നതിനും പരിപൂർണ്ണമായി സമർപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സഭാ ദിനത്തിലെ സ്തോത്രകാഴ്ച സഭയുടെ സെന്റ് തോമസ് എപ്പിസ്ക്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതാകയാൽ, ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

ഭൂമിക്ക് ഉപ്പും ലോകത്തിന് വെളിച്ചവും ആയിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭ, ക്രിസ്തീയ സാക്ഷ്യത്തിൽ പുരോഗമിക്കുവാൻ ദൈവഹിതത്തിന് വിധേയപ്പെട്ട് നമ്മെത്തന്നെ സമർപ്പിക്കാം. അതിനാവശ്യമായ പരിശുദ്ധാത്മശക്തി കൂടുതലായി ലഭിക്കുവാൻ നാം പ്രത്യേകം പ്രാർത്ഥിക്കണം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

2021 ഡിസംബർ മാസം 5–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**